ഖുത്ബ
8. 6. 2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# 'അസ്സലാം'- സമാധാന സമ്രാട്ട് (5)

കഴിഞ്ഞ ഖുത്ബയിൽ ഞാൻ മാതാപിതാക്കളിൽനിന്നു തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളോടു നല്ലരീതിയിൽ പെരുമാറേണ്ടതിനെ സംബന്ധിച്ചുള്ള ഖുർആനികാധ്യാപനം പറഞ്ഞിരുന്നു. കാരണം ഈ സൽപെരുമാറ്റം സമൂഹത്തിൽ ഐക്യത്തിന്റേയും സമാധാനത്തിന്റേയും ചുറ്റുപാടുണ്ടാക്കുന്നതിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതാണ്. സാമ്പത്തികമായ അവസ്ഥയ്ക്കും സമൂഹത്തിന്റെ ശാന്തിയും സമാധാനവുമായി വലിയ ബന്ധമുണ്ട്. ഇതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. ഏതു സമൂഹത്തിലും സമ്പന്നരും ദരിദ്രരും ഉണ്ടാകും. ആവശ്യക്കാരുണ്ടാകും, മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കി കൊടുക്കുന്നവരുമുണ്ടാകും. ചിലർ സമ്പന്നരായിരുന്നിട്ടും, പിശുക്ക് സ്വഭാവം കാരണത്താൽ, ദീനീപരമായ ആവശ്യങ്ങൾക്കുവേണ്ടിയും ചെലവഴിക്കില്ല. ദുരിതങ്ങൾ അനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റാനും ചെലവഴിക്കില്ല. എത്രത്തോളമെന്നാൽ, അടുത്തബന്ധുക്കളോടു നല്ലരീതിയിൽ പെരുമാറാൻപോലും അവർ തയ്യാറാകുന്നില്ല. അവരുടെ സാമ്പത്തികമായ ആവശ്യങ്ങൾ പരിശോധിച്ച്, തനിക്ക് അല്ലാഹു നല്കിയ ധനത്തിൽനിന്ന് അവർക്കുവേണ്ടിയും ചെലവഴിക്കണമെന്ന വിചാരമേ ഉണ്ടാകുന്നില്ല. ഇതിന്റെ ഫലമായി ചില നേരത്ത് അത്തരം ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാകാൻ തുടങ്ങുന്നു. അത് വർദ്ധിച്ച് വർദ്ധിച്ച്, ബന്ധത്തിന്റെ ബോധംപോലും അവസാനിച്ചുപോകുന്നു. ചിലപ്പോൾ ദരിദ്രരായ ബന്ധുക്കൾക്ക്, സാമ്പത്തികബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് ആവശ്യങ്ങൾ ഉണ്ടാകുകയും, അത് പൂർത്തിയാക്കാൻ കഴിയാതെ വരികയും അവരുടെ അടുത്തബന്ധുക്കൾ അത് നിറവേറ്റാതിരിക്കുകയും ചെയ്യുമ്പോൾ അതുമുഖേന വെറുപ്പുകൾ അതിന്റെ തീവ്രത കാണിക്കുന്നു.

ആരുടെയെങ്കിലും സന്തോഷകരമായ ജീവിതം കണ്ടിട്ട് അസൂയപ്പെടുകയും വെറുപ്പു പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല എന്നതു ശരിതന്നെ. മുസ്‌ലിം എന്ന് വാദിക്കുന്ന ഓരോ വ്യക്തിയും അത്തരം വികാരങ്ങളിൽ നിന്ന് തങ്ങളെ പരിശുദ്ധരാക്കി വയ്ക്കേണ്ടതാണ്. ഇതുതന്നെയാണ് ഒരു സത്യവിശ്വാസിയുടെ അഭിമാനം. അല്ലാഹുവിന് ലക്ഷോപിലക്ഷം നന്ദി. ഇല്ലാമാശാ അല്ലാഹ്. അഹ്മദിയ്യാ ജമാഅത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത അനുഗ്രഹംകൊണ്ട് ഇത്തരം ചിന്താഗതികൾ വയ്ക്കുന്നവരോ മറ്റുള്ളവരുടെ സമ്പത്തിൽ ദൃഷ്ടി പതിപ്പിക്കുന്നവരോ ഇല്ല. ഞാൻ പറഞ്ഞതുപോലെ ഉണ്ടെങ്കിൽതന്നെ വളരെ വളരെ കുറവായിരിക്കും; ഒന്നോ ഒറ്റയോ. എന്നല്ല അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിലെ കുറച്ചു വരുമാനമുള്ള ദരിദ്രവിഭാഗം മറ്റുള്ളവരുടെ പണത്തിലേക്ക് നോക്കുന്നതിനു പകരം അല്ലാഹുവിന് നന്ദി കാണിച്ചുകൊണ്ട് തന്റെ കഴിവിന്നതീതമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുന്നവരാണ്. ആഴത്തിൽചെന്ന് പരിശോധിക്കുകയാണെങ്കിൽ സാമ്പത്തികാടിസ്ഥാനത്തിൽ ദുർബലരായ അഹ്മദികളുടെ ധനത്യാഗം- അതായത് അവരുടെ വരുമാനത്തെ അപേക്ഷിച്ച് അവരുടെ ത്യാഗത്തിന്റെ നില തങ്ങളുടെ സമ്പന്നരായ സഹോദരങ്ങളെക്കാൾ ഉന്നതമാണ്.

എന്തായാലും ഐശ്വര്യസമ്പന്നരായ ആളുകൾ, അല്ലെങ്കിൽ മറ്റുള്ളവരെ അപേക്ഷിച്ച് നല്ലനിലയിൽ കഴിയുന്നവർ- അവർ സാമ്പത്തികമായി ദുർബലരായ തങ്ങളുടെ സഹോദരങ്ങളെ ഗൗനിക്കേണ്ടതാണ്. പരസ്പരമുള്ള സ്നേഹവും സന്തോഷവും വർദ്ധിപ്പിക്കാനുള്ള വളരെ വലിയൊരു മാർഗ്ഗമാണിത്. ഞാൻ മുമ്പേയും പറഞ്ഞിരുന്നതുപോലെ, ഒരു മനുഷ്യൻ സലാം പറയുമ്പോൾ, അതുകൊണ്ടുദ്ദേശിക്കുന്നത് ആ വ്യക്തി ആഗ്രഹങ്ങൾക്കും കോപത്തിനും വിധേയനാകാൻ പാടില്ല എന്നതാണ്. തന്റെ ആഗ്രഹങ്ങൾ മാത്രം നിറവേറ്റുക എന്നതാകാതെ തന്റെ സഹോദരന്മാരുടേയും സഹോദരിമാരുടേയും ബന്ധുമിത്രാദികളുടേയും ആഗ്രഹങ്ങളും മാനിക്കേണ്ടവനായിരിക്കേണ്ടതാണ്. ദരിദ്രരേയും ആവശ്യക്കാരേയും ഗൗനിക്കുന്നവനായിരിക്കേണ്ടതാണ്. വെറുപ്പുകൊണ്ടോ ദ്വേഷംകൊണ്ടോ ആവശ്യക്കാ

രനെ അവഗണിക്കാനോ അവരെ സഹായിക്കുന്നതിൽ നിന്ന് കൈവലിച്ചുകളയാനോ പാടില്ല. ഇതു സംബന്ധിച്ചുള്ള അല്ലാഹുവിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ നാം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്.

ഹദ്റത്ത് ആയിശ(റ)വിന്റെമേൽ ചിലയാളുകൾ ആരോപണം ഉന്നയിക്കുകയുണ്ടായി. അതൊരു ദീർഘമായ സംഭവമാണ്. ഏതായാലും ആ ആരോപണത്തിൽനിന്ന് അല്ലാഹു അവരെ മോചിതയാക്കി. ആ ആരോപണം ഉന്നയിച്ചവരിൽ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) സഹായിച്ചുകൊണ്ടിരുന്നവരിൽ ഒരാളുമുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ല മനുഷ്യനായിരുന്നു. എങ്ങനെയോ കപടവിശ്വാസികളുടെ വാക്കുകളിൽ കുടുങ്ങിപ്പോയതാണ്. അങ്ങനെ ഹദറത്ത് ആയിശ(റ) ആ ആരോപണത്തിൽനിന്ന് മോചിതയായപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) ആ ആളെ ഇനിയൊരിക്കലും താൻ സഹായിക്കുകയില്ല എന്ന് സത്യം ചെയ്തുകൊണ്ടു പറഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു:

وَلَا يَأْتَلِ أُولُوا الْفَضْلِ مِنكُمْ وَالسَّعَةِ
أَن يُؤْتُوا أُولِي الْقُرْبَىٰ وَالْمَسَاكِينَ
وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ ۖ وَلْيَعْفُوا
وَلْيَصْفَحُوا ۗ أَلَا تُحِبُّونَ أَن يَغْفِرَ اللَّهُ
لَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿٢٢﴾

നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗ്ഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പു ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്കു പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും നിരന്തരം കരുണാമയനുമാകുന്നു (24:23).

ഇത് സത്യവിശ്വാസിക്കുള്ള എന്നെന്നും നിലനില്ക്കുന്ന കല്പനയാണ്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മകളുടെമേലാണ് ആരോപണം ഉന്നയിച്ചിരുന്നത്. ഹദ്റത്ത് അബൂബക്കർ(റ) ഏറ്റവും അധികം സ്നേഹിക്കുന്ന ആളിന്റെ ഭാര്യയുടെ മേലാണ് ആ ആരോപണം ഉന്നയിച്ചിരുന്നത്. നബി(സ) തിരുമേനിക്ക് അതിൽ വളരെ വിഷമമുണ്ടായിരുന്നു. ഇത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ഏറ്റവും പ്രിയപ്പെട്ട വ്യക്തിയുടെമേൽ മാത്രമായിരുന്നില്ല, പ്രത്യുത അല്ലാഹുവിന്റെതന്നെ പ്രിയപ്പെട്ട വ്യക്തിയുടെ മേലായിരുന്നു ഈ ആരോപണം. ഇക്കാരണത്താൽ നബി(സ) അങ്ങേയറ്റം ബുദ്ധിമുട്ടിൽ അകപ്പെട്ടിരുന്നു. അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസൻ– അദ്ദേഹത്തിനു വേണ്ടിയാണ് അല്ലാഹു ആകാശവും ഭൂമിയും സൃഷ്ടിച്ചത്– ആയിരുന്നിട്ടും അല്ലാഹു അവർക്ക് മാപ്പുകൊടുത്തുവെന്നു മാത്രമല്ല, മറിച്ച്, നബി(സ) തിരുമേനിയെ ഏറ്റവും അധികം സ്നേഹിക്കുന്ന മനുഷ്യാ! എന്തവസ്ഥ തന്നെയായാലും വിട്ടുവീഴ്ച ചെയ്തുകൊണ്ട് നീ കൊടുത്തുകൊണ്ടിരുന്ന സഹായം തുടർന്നുകൊണ്ടേപോകുക എന്ന് അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)നോട് പറഞ്ഞു. ഒരുതരത്തിലുള്ള കോപാവസ്ഥയും, നീ സഹായിക്കുന്നതിൽ നിന്ന് നിന്നെ തടയരുത്. അല്ലാഹു വളരെ പൊറുക്കുന്നവനാണ്. അതുകൊണ്ട് നീയും പൊറുക്കുക. തന്റെ പ്രിയപ്പെട്ടവർ മറ്റുള്ളവരോട് സമാധാനത്തോടെ പെരുമാറുമെന്ന പ്രതീക്ഷ മാത്രമാണ് അല്ലാഹുവിനുള്ളത്. അതുകൊണ്ട് ഈ സ്ഥാനം ഒരിക്കലും നഷ്ടപ്പെടുത്തിക്കളയരുത്. ഈ പരിതസ്ഥിതിയിൽ പോലും സഹായിക്കുന്നതിൽനിന്ന് പിന്മാറരുത് എന്ന് കല്പിക്കുമ്പോൾ, സാധാരണാവസ്ഥയിൽ ഇക്കാര്യത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

സാധാരണ അവസ്ഥയിൽ ഐക്യവും സമാധാനവും പരത്തുന്നതിനായി സാമൂഹികപരമായ ധർമ്മങ്ങൾ പരസ്പരം ശ്രദ്ധിക്കാനാണ് കല്പിച്ചിട്ടുള്ളത്. സമൂഹത്തിന്റെ സമാധാനം ഒരുകൂട്ടർ മറ്റൊരു കൂട്ടർക്കുവേണ്ടി എല്ലാത്തരം ത്യാഗവും സഹിക്കുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. മദീനയിലെ അൻസാർ സഹോദരങ്ങൾ, മുഹാജിരീംകൾക്കു വേണ്ടി ധനത്യാഗത്തിന്റേയും ഏറ്റവും ഉന്നതമായ മാതൃക കാണിച്ചു. അൻസാറും മുഹാജിറുമല്ല മറിച്ച്, മുസൽമാനും മുസൽമാനും തമ്മിലുള്ള ബന്ധമാണ് സ്ഥാപിതമായിട്ടുള്ളതെന്ന് അവർക്കറിയാമായിരുന്നു. ഐക്യത്തിന്റേയും സമാധാനത്തിന്റേയും പുതിയ നടപടിക്രമങ്ങൾ നിലവിൽ വരാൻ പോകുകയാണ്. നബി(സ) തിരുമേനി നമ്മുടെ ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചിരിക്കുന്നു. ഇത് ഭൗതികമായ സാഹോദര്യബന്ധമല്ല. നബി(സ) തിരുമേനിയെ പിൻപറ്റുന്നതിലൂടെയുള്ള ഈ സാഹോദര്യബന്ധം ലോകസമാധാനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ സമാധാനത്തിന്റെ ആവേശത്തള്ളിച്ചയാൽ നിർഭരമായ ഐക്യം, ലോകത്ത് എന്തെന്തെല്ലാം വിപ്ല

വങ്ങൾ ഉണ്ടാക്കിയെന്ന് ഒരു ലോകം കാണുകയുണ്ടായി.

ഈ ആവേശമാണ് ഇന്ന് നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ അംഗമായിട്ടുള്ള ഓരോരുത്തരും കാണിക്കേണ്ടത്. ഇതുമുഖേന വീണ്ടും ആ സമാധാനം ലോകത്ത് നടമാടുന്നതായിരിക്കും. ഇൻശാഅല്ലാഹ്. ഇതുമായിട്ടാണ് നബി(സ) അയക്കപ്പെട്ടത്. അതിനാൽ നിങ്ങളുടെ ബന്ധുക്കളോടും മിസ്ക്കീന്മാരോടുമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുക.

ഇവിടെ ഈ പാശ്ചാത്യരാജ്യങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമ്പന്നത കൈവരിച്ചുകഴിഞ്ഞിട്ടുള്ളവർ നമ്മുടെ കണ്മുമ്പിലില്ലാത്തവരും ദരിദ്രരാജ്യങ്ങളിൽ ജീവിക്കുന്നവരുമായ ബന്ധുക്കൾക്കും ഇടയ്ക്കിടെ സമ്മാനങ്ങൾ അയച്ചുകൊണ്ടിരിക്കേണ്ടതാണ്. പാക്കിസ്ഥാനിലും മറ്റു രാജ്യങ്ങളിലുമുള്ള ചില കുടുംബങ്ങളെ എനിക്കറിയാം. അവർ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയതിനാലോ, അല്ലെങ്കിൽ നല്ല തൊഴിൽ ലഭിച്ചതിനാലോ ഐശ്വര്യാവസ്ഥയിലാണുള്ളത്. അവരും തങ്ങളുടെ നാട്ടിലുള്ള സഹോദരങ്ങളെ ശ്രദ്ധിക്കേണ്ടതാണ്. ഔദാര്യം കാണിക്കുക എന്ന നിലയിലായിരിക്കരുത് അത്. മറിച്ച് ***ഈത്തായിദിൽഖുർബാ*** എന്നതിന്റെ പ്രകടനം കാഴ്ചവെയ്ക്കുന്നതായിരിക്കണം. ഹൃദയത്തിന്റെ അഗാധതയിൽനിന്നാണ് ഈ സേവനം ഉണ്ടാവേണ്ടത്. വലതുകൈ കൊടുത്താൽ ഇടതുകൈ അറിയരുത് എന്ന കല്പനയ്ക്കു വിധേയമായിട്ടായിരിക്കണം അത് നിർവഹിക്കേണ്ടത്. ഈ രീതിയിലൂടെയാണ് മറ്റുള്ളവരുടെ അഭിമാനം നിലനില്ക്കുന്നത്. സമൂഹത്തിൽ സമാധാനം പരക്കുന്ന രീതിയും ഇതാണ്. പരസ്പരം ദുആകൊണ്ട് നിറയുന്ന സമൂഹം രൂപം കൊള്ളുന്നതും ഈ രീതിയിലൂടെയാണ്. ഈയിടെ പാക്കിസ്ഥാനിലും വിലക്കയറ്റമാണ്. ലോകത്തെല്ലായിടത്തും അവസ്ഥ ഇതുതന്നെയാണ്. മാനംകൊണ്ട് ബുദ്ധിമുട്ട് പുറത്തുപറയാതിരിക്കുന്ന ആളുകൾക്കും വളരെ ബുദ്ധിമുട്ടാണുള്ളതെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ, അഹ്മദികൾ ഈ മാനം എപ്പോഴും നിലനിറുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ആരുടെ മുമ്പിലും കൈ നീട്ടുന്നവർ ആകാൻ പാടില്ല. എന്നാൽ, സാമ്പത്തികമായി നല്ലനിലയിലുള്ള ബന്ധുക്കൾ, അവർക്ക് ഒരു തരത്തിലുള്ള കുറവും തോന്നാത്തവിധത്തിൽ അവരെ സഹായിക്കേണ്ടതാണ്.

ഒരു സ്ത്രീയെ സംബന്ധിച്ച്, ആരോ എന്നോട് പറഞ്ഞിരുന്നു. അവരുടെ വിദേശത്തുള്ള ഒരു ബന്ധു അവരെ സഹായിക്കാറുണ്ടായിരുന്നു. അതുകൊണ്ട് നല്ലവണ്ണം അവർ ജീവിച്ചുപോന്നു. ആ ബന്ധുവിന്റെ വിഷമം കൊണ്ടോ മറ്റോ ആ സഹായം കുറച്ചുനാൾ ഉണ്ടായില്ല. പട്ടിണിയുടെ അവസ്ഥയിലെത്തി. വളരെ ഞെങ്ങിഞെരുങ്ങിയാണ് ജീവിതം നീങ്ങിയത്. ആ സ്ത്രീ പറയുന്നു: ഒരിക്കൽ ഞാൻ വഴിയിലൂടെ പോകുമ്പോൾ ഒരു രൂപയോ എട്ടണത്തുട്ടോ കാണാനിടയായി. അത് എടുക്കാൻ പോയപ്പോൾ, പരീക്ഷണം ഓർമ്മവന്നു. അല്ലാഹുവിൽ തവക്കുൽ ചെയ്തു. അത് ആരുടെ പൈസയാണെന്നറിയില്ലല്ലോ. എന്തായാലും അവർ അത് എടുത്തില്ല. കുട്ടികളുടെ അവസ്ഥയും പരിതാപകരമായിരുന്നു. അവർ കുട്ടികൾക്കും കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരുന്നു. സബ്ർ ചെയ്യണം. ഉയർച്ചയും താഴ്ചയും ജീവിതത്തിന്റെ ഭാഗമാണ്. എന്തവസ്ഥയുണ്ടായാലും അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നവരാകണം എന്നൊക്കെ ഉപദേശിച്ചുകൊണ്ടിരുന്നു. അവർ പറയുന്നു: ഇതിനുശേഷം ഞാൻ വീട്ടിൽ വന്നപ്പോൾ ഒരാൾ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു. സഹായം അയച്ചുകൊണ്ടിരുന്ന ആളായിരുന്നു അത്. അദ്ദേഹം ഒരു കവർ അവർക്കുകൊടുത്തു. അതിൽ മുമ്പത്തേക്കാൾ ഒരുപാടിരട്ടി പണം ഉണ്ടായിരുന്നു.

ചിലരുടെ അവസ്ഥ ഇങ്ങനെയും ഉണ്ടാകാറുണ്ട്. കുറച്ചുകാലംകൂടി പണം വരാതിരുന്നെങ്കിൽ, അവരുടെ കുട്ടികളിൽ ദുഷ്ചിന്തകൾ നാമ്പെടുക്കുമായിരുന്നു. അത് സമൂഹത്തിൽ ഫിത്നയ്ക്ക് കാരണമാകാനും അല്ലാഹുവിനെക്കുറിച്ച് ദുഷ്ചിന്ത ഉണ്ടാകാനും കാരണമാകുമായിരുന്നു. ഇത്തരം സംഭവങ്ങൾ കൊണ്ടാണ് വീട്ടിന്റെ സമാധാനം അലങ്കോലപ്പെടുന്നത്. അതിനാൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു കല്പന നല്കുമ്പോൾ യുക്തിനിർഭരമായ കല്പനകളാണ് അവൻ നല്കുക.

സാമ്പത്തികാവസ്ഥയും സമാധാന സ്ഥാപനത്തിൽ അതിന്റേതായ പങ്കുവഹിക്കുന്നുണ്ട്. ഇതിനെക്കുറിച്ചാണ് പറഞ്ഞുവന്നത്.

ഇതുസംബന്ധമായി അല്ലാഹു ഖുർആനിൽ മറ്റൊരിടത്തു പറയുന്നു: ***വഫീ അംവാലിഹിം ഹഖ്ഖുൻല്ലിസ്സായിലി വൽ മഹ്റൂം.*** അവരുടെ ധനത്തിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ കഴിവില്ലാത്തവർക്കും അവകാശമുണ്ട്. (51:20)

വീണ്ടും അല്ലാഹു പറയുന്നു:

فَآتِ ذَا الْقُرْبَىٰ حَقَّهُ وَالْمِسْكِينَ وَابْنَ
السَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ
وَجْهَ اللَّهِ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٣٨﴾

അതുകൊണ്ട്, അടുത്ത ബന്ധുക്കൾക്കും അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നല്കുക. അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവർക്ക് ഉത്തമം അതാണ്. അവർ തന്നെയാണ് വിജയികൾ. ജനങ്ങളുടെ ധനത്തിൽ വർദ്ധനവുണ്ടാകുന്നതിനുവേണ്ടി നിങ്ങൾ പലിശയായി നല്കുന്ന ധനം, അത് അല്ലാഹുവിന്റെ പക്കൽ വർദ്ധിക്കുന്നില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങൾ കൊടുക്കുന്ന സക്കാത്ത് (വർദ്ധനവുണ്ടാക്കുന്നു). അപ്പോൾ, അവർ തന്നെയാണ് ഇരട്ടിപ്പിക്കുന്നവർ (30:39,40).

ഇവിടെ അല്ലാഹു പറഞ്ഞിരിക്കുന്നത്, നിങ്ങളുടെ അടുത്തബന്ധുക്കൾക്കും, അഗതികൾക്കും, ദരിദ്രർക്കും, യാത്രക്കാർക്കും അവരുടെ അവകാശം കൊടുക്കുക എന്നാണ്. എന്താണ് അവകാശം, അവരുടെ അവകാശം എന്നു പറയുന്നത് അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനായി, സാമ്പത്തികമായി നല്ലനിലയിലവർ, ചെലവഴിക്കുക എന്നതാണ്. ഇവരിൽ അടുത്തബന്ധുക്കൾ ഉണ്ട്, അഗതികൾ ഉണ്ട്, ദരിദ്രരുണ്ട്, യാത്രക്കാർ ഉണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗത്തേയും ഗൗനിക്കുന്നില്ലെങ്കിൽ, തങ്ങളുടെ സഹോദരങ്ങളെ സമൂഹത്തിൽ അനാവശ്യം പ്രവർത്തിക്കാൻ വിടുകയാണെങ്കിൽ അത് അത്തരം ദുർബലവിഭാഗത്തെ കുറ്റകൃത്യം ചെയ്യാൻ നിർബന്ധിക്കും.

തന്റേയും തന്റെ ഭാര്യാമക്കളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ സമൂഹത്തിലെ സമാധാനം കെടുത്തുന്ന പ്രവൃത്തികൾ ചെയ്യാൻ അവർ നിർബന്ധിതരാകും. ദരിദ്രരും അഗതികളുമായ ജനവിഭാഗം തങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാകാത്ത കാരണത്താൽ ചിലപ്പോൾ തങ്ങളേക്കാൾ ഉന്നതരായവരെക്കുറിച്ച് അസൂയയും കുശുമ്പും ഊട്ടിവളർത്തും. അവരുടെ ചിന്താഗതികളെ ചൂഷണം ചെയ്ത് സ്വാർത്ഥമതികൾ, സമൂഹത്തിൽ കലഹമുണ്ടാക്കാൻ അവരെ തങ്ങളോടൊപ്പം ചേർക്കുന്നു. പൊതുവെ നിങ്ങൾ നോക്കുക. ദരിദ്രരാഷ്ട്രങ്ങളിൽ അല്ലെങ്കിൽ അവികസിതരാഷ്ട്രങ്ങളിൽ അവരോടൊപ്പം തെരുവിലിറങ്ങുന്നവർ ഇത്തരക്കാരാണ്. ഇത്തരക്കാർ സമ്പന്നർക്കെതിരിൽ ശബ്ദം ഉയർത്തുന്നു. സർക്കാറിന്നെതിരിലും ശബ്ദം ഉയർത്തുന്നു. ഹർത്താലുകൾ നടത്തുന്നു. നിയമലംഘനം ഉണ്ടാക്കുന്നു. അങ്ങനെ രാജ്യം മുഴുവൻ ആഭ്യന്തരകലഹമുണ്ടാക്കുന്നു. ഇത്തരം കലഹങ്ങൾ ചരിത്രങ്ങളിൽ കാണിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇത്തരം പല രാഷ്ട്രങ്ങളിലും ഇതു കാണുന്നു. കുഴപ്പങ്ങൾ ഉണ്ടാകാനുള്ള കാര്യങ്ങളിൽ ഒരു വലിയ കാരണം സാമ്പത്തിക പരാധീനതയാണ്. പിന്നീടിത് ഇവിടെ നില്ക്കുകയില്ല. അത്തരം വിഭാഗം പിന്നീട് അല്ലാഹുവിൽനിന്നും അകന്നുകൊണ്ടേപോകും. ഇപ്രകാരം, തങ്ങളുടെ പണം തങ്ങളിൽ മാത്രം പരിമിതപ്പെടുത്തി വയ്ക്കുന്നവരും, ദരിദ്രരോടുള്ള കടമ നിറവേറ്റാത്തവരും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ, അല്ലാഹുവിൽനിന്ന് അകന്നുപോകുന്നു.

ഇസ്ലാമിന്റെ വാദം, അത് തികവാർന്നതും പരിപൂർണ്ണവുമാണെന്നതാണ്. ഇതിൽ എല്ലാ കാര്യത്തിന്റേയും എല്ലാതരം ആളുകളുടേയും ആവശ്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്; സമൂഹം സമാധാനപൂരിതമായിരിക്കുന്നതിനും, സ്രഷ്ടാവായ അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനും അതിന്റെ കടമ നിറവേറ്റപ്പെടുന്നതിനും വേണ്ടിയാണിത്. ഒരു മുസ്ലിമിന്റെ പരിശുദ്ധമായ കർമ്മാവസ്ഥ തന്നെയാണ്, അവനെ ഇസ്ലാമിന്റെ യഥാർത്ഥ മാതൃക കാണിക്കുന്നവനാക്കിത്തീർക്കുന്നത്. അല്ലാഹു നമുക്കു നല്കിയ അധ്യാപനത്തിന്റെ കിരണങ്ങൾ അവൻ കാണിക്കുന്നു. ഇല്ലെങ്കിൽ കേവലം മുസ്ലിമാണെന്നുള്ള വാദത്തിന് ഒരു പ്രാധാന്യവുമില്ല. നാം കണ്ടതുപോലെ, അല്ലാഹുവിന്റെ കല്പനകളിൽ ഒന്ന് സമൂഹത്തിലെ ദുർബലരും ദരിദ്രരുമായ ജനവിഭാഗത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ്. ഇതിനുവേണ്ടിയാണ് ഇസ്ലാമിൽ സക്കാത്ത് കൊടുക്കാനും സദഖ കൊടുക്കാനും പരസ്പരം സമ്മാനം കൈമാറാനുമുള്ള കല്പനയുള്ളത്. ഹദീസിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: പരസ്പരം നിങ്ങൾ സമ്മാനം കൊടുക്കുക, അതുമുഖേന സ്നേഹം വർദ്ധിക്കുന്നു. സക്കാത്തിന് ഇസ്ലാമിൽ എത്രമാത്രം പ്രാധാന്യമാണുള്ളത്. വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ ഇതിനെക്കുറിച്ച് കല്പനകൾ വരുന്നുണ്ട്. കാരണം ഇതുമുഖേനയാണ് ഇസ്ലാമിക സർക്കാറിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്. അതുകൊണ്ട് ദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റാനും ശ്രദ്ധിക്കുന്നു.

നമസ്കാരം നിലനിറുത്താൻ പറയുന്നതിനോടൊപ്പം സക്കാത്തിനെക്കുറിച്ചും അധികമായി പറഞ്ഞിരിക്കുന്നു. ഇതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. സക്കാത്ത് നിർബന്ധമായിട്ടുള്ളവർ അതുകൊടുക്കുകതന്നെ വേണം. ഇപ്രകാരംതന്നെ കഴിവുള്ള

മുസ്‌ലിം തന്റെ ധനത്തിൽനിന്ന് അടുത്തബന്ധുക്കൾക്കും അഗതികൾക്കുംവേണ്ടി ചെലവഴിക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. എന്നല്ല, അത് നിർബന്ധകടമയാണ്. ദരിദ്രരേയും അശരണരേയും ദുർബലവിഭാഗത്തേയും ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. കാരണം ഇവർതന്നെയാണ് നാടിന്റെ സാമ്പത്തികോന്നമനത്തിനായി സേവനം ചെയ്യുന്നവർ. വ്യവസായശാലകളിലെ തൊഴിലാളികൾ, അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിലെ തൊഴിലാളികൾ, കാർഷികമേഖലയിലെ തൊഴിലാളികൾ തുടങ്ങിയവരുടെ അധ്വാനം ഇല്ലെങ്കിൽ പ്രത്യേകിച്ച് നമ്മുടെ നാട്ടിൽ കർഷകതൊഴിലാളികൾ- യൂറോപ്യൻ രാഷ്ട്രങ്ങളിൽ മിഷ്യനിലൂടെയാണ് മിക്ക പ്രവർത്തനങ്ങളും നടക്കുന്നത്- എന്നാൽ, മൂന്നാംകിട രാഷ്ട്രങ്ങളിൽ തൊഴിലാളികളുടെ ശക്തിയാണ് പ്രബലമായിട്ടുള്ളത്.

വ്യാവസായികമായി ഉയർന്നു നില്ക്കുന്ന രാഷ്ട്രങ്ങളിലും തൊഴിലാളികളുടെ അധ്വാനമാണ് അഭിവൃദ്ധിയ്ക്കു നിദാനമായിട്ടുള്ളത്. ഈ വിഭാഗത്തിന്റെ അധ്വാനവും സഹായവും ഇല്ലെങ്കിൽ രാജ്യത്തിന്റെ സാമ്പത്തികമേഖല ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. അതുകൊണ്ടാണ് ഈ ദരിദ്രവിഭാഗത്തോടുള്ള കടമ നിറവേറ്റാൻ കല്പിച്ചിരിക്കുന്നത്. അവരുടെ ദാരിദ്ര്യത്തെ ചൂഷണം ചെയ്ത് അവരുടെ അവകാശം ധ്വാംസിക്കരുത്. ഇപ്രകാരംതന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ശ്രമിക്കുകയും വേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളേയും ശ്രദ്ധിക്കുന്ന മതം ഇസ്‌ലാം മാത്രമാണ്. ദുർബലവിഭാഗത്തിനും അവരുടെ അവകാശം കൊടുക്കാൻ അത് പറയുന്നു. മറ്റൊരു മതവും ഇസവും ഇക്കാര്യത്തിൽ അതിനോടു കിടപിടിക്കുകയില്ല. ദരിദ്രരുടെ അവകാശസംരക്ഷകരെന്ന് പറഞ്ഞ് എഴുന്നേറ്റ് ആ ഇസം മെല്ലെമെല്ലെ അവസാനിച്ചുകൊണ്ടേപോകുകയാണ്. ലോകത്ത് അസമാധാനാവസ്ഥ വീണ്ടും വർദ്ധിക്കുന്നു. കാരണം പണം കൊണ്ടുമാത്രം സമാധാനം ലഭിക്കുകയില്ല. അല്ലാഹുവിന്റെ കല്പനയാണ്, തന്റെ ആരാധകനാകുക എന്നത്. ആ കല്പനയെ ആവശ്യക്കാരനും ആവശ്യം പൂർത്തീകരിക്കുന്നവനും പാലിക്കുമ്പോഴാണ് അല്ലാഹുവിനുവേണ്ടി ആ കടമകൾ നിറവേറ്റാൻ ശ്രദ്ധയുണ്ടാകുന്നത്. കഴിവുള്ളവർ അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണം എന്ന വിചാരത്തോടെ തങ്ങളുടെ ദുർബലവിഭാഗത്തെ സഹായിക്കുമ്പോൾ, അത് സമൂഹത്തിൽ നല്ല അവസ്ഥ ഉണ്ടാക്കും. ഈ സഹായം ഔദാര്യമല്ല. മറിച്ച്, അവരുടെ അവകാശമാണ്. ഇപ്രകാരം സഹായമുണ്ടാകുമ്പോൾ, അത് ദരിദ്രജനങ്ങളെ ഇകഴ്ത്തികൊണ്ടായിരിക്കുകയില്ല ചെയ്യുന്നത്. മറിച്ച്, അവരുടെ അഭിമാനത്തെ ശ്രദ്ധിച്ചുകൊണ്ടായിരിക്കും. കൊടുക്കുന്നവൻ വാങ്ങുന്നവനോട് അയാൾ സ്വീകരിച്ചു എന്നുകണ്ട് നന്ദിയുള്ളവനായിരിക്കും. ഇതായിരിക്കും ഇസ്‌ലാമിക മാതൃക സമർപ്പിക്കുന്ന ശരിയായ സമൂഹം. അവിടെ പരസ്പരം പ്രാർത്ഥനയുടേയും സമാധാനത്തിന്റേയും കാഴ്ചകൾ കാണാൻ കഴിയും.

ഓർമ്മിക്കുക, ഇന്ന് അഹ്‌മദികൾക്കു മാത്രമാണ് ഈ ഉൽക്കൃഷ്ടസമൂഹത്തിന്റെ ശരിയായ ചിത്രം സമർപ്പിക്കാൻ കഴിയുന്നത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട്, 'ഞാൻ അല്ലാഹുവിന്റെ കല്പനകൾ പാലിക്കും' എന്നും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുമെന്നും പ്രതിജ്ഞ ചെയ്തിരിക്കുന്നവരാണ്. ഇല്ലെങ്കിൽ ലോകത്ത് എങ്ങും സ്വാർത്ഥതയാണ് നിലവിലുള്ളത്. വ്യക്തിപരമായ നേട്ടത്തിനായി എന്തും ചെയ്യാൻ മടിക്കാത്ത അവസ്ഥയാണ് ലോകത്തുള്ളത്. ഇതിൽനിന്ന്, അല്ലെങ്കിൽ ഈ ചിന്താഗതിയിൽ നിന്ന് ഈ സമൂഹത്തിൽ ശാന്തിയും സമാധാനവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ പറ്റുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യസന്ധമായ നിലയിൽ നന്മ പ്രവർത്തിക്കുന്നവർ, അല്ലാഹുവിന്റെ ഇഷ്ടത്തിന്നായി തങ്ങളുടെ അടുത്ത ബന്ധുക്കളെ തങ്ങളുടെ ധനംകൊണ്ട് സഹായിക്കുന്നു. ഇപ്രകാരംതന്നെ, യതീംകളുടെ വിദ്യാഭ്യാസത്തിനും പരിപാലനത്തിനും വേണ്ടി ചെലവഴിക്കുന്നു. അഗതികളെ പട്ടിണിയിൽനിന്ന് രക്ഷിക്കുന്നു. യാത്രക്കാരേയും യാചകരേയും സേവിക്കുന്നു. ഇതാണ് സത്യവിശ്വാസികളുടെ സമൂഹത്തിന്റെ മാതൃക ഇതുതന്നെയാണ് കാണേണ്ടതും.

ഞാനോതിയ രണ്ടാമത്തെ വചനത്തിൽ അല്ലാഹു സമൂഹത്തിലെ സാമ്പത്തിക പ്രശ്നത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അത് എന്നെന്നും സമൂഹത്തിൽ കുഴപ്പമുണ്ടാക്കിക്കൊണ്ടേയിരിക്കുന്നു. ഇന്നും അതിനെ ഉത്തമമായ സമ്പദ്‌വ്യവസ്ഥിതിക്കുള്ള ഒരു പ്രധാന വസ്തുവായിട്ടാണ് മനസ്സിലാക്കുന്നത്. പക്ഷേ, വാസ്തവത്തിൽ ഓരോ വ്യക്തിയേയും അവരറിയാതെ അത് കടക്കെണിയിൽ കുടുക്കിക്കൊണ്ടുപോകുകയാണ്. അതാണ് ഈ പരിശുദ്ധവചനത്തിൽ പറഞ്ഞ പലിശ. പലിശ അല്ലാഹു ശക്തമായ നിലയിൽ നിരോധിച്ചിരിക്കുന്നു. കാരണം ഇത് ദരിദ്രരെ എന്നെന്നേക്കുമായി ദാരിദ്ര്യത്തിൽ കുടുക്കിയിടുന്നു. ഈ ആയത്തിൽ പലിശയെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇതിനു മുമ്പേയുള്ള വചനവുമായി താരതമ്യം ചെയ്തിരിക്കുന്നു. പലിശ നിങ്ങൾക്കെന്താണ് തരുന്നത്? ദരിദ്രരെ സഹായിക്കുന്നതിനായി അവരുടെ അവകാശം എന്ന നിലയിൽ നിങ്ങൾ കൊടുക്കുന്ന സക്കാത്തും സമ്മാനവും കൊണ്ട് നിങ്ങൾക്കെന്ത്

നേട്ടമാണ് ലഭിക്കുന്നത്?

ഒന്നാമത്തെ കാര്യം ഓർക്കുക, അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് നിങ്ങൾ ചെയ്യുന്നതിൽ തീർച്ചയായും നിങ്ങൾക്ക് വിജയമുണ്ടാകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇതിന്റെ കാഴ്ചകൾ ഈ ലോകത്തും നിങ്ങൾ കാണും, അടുത്തലോകത്തും കാണും. ഏറ്റവും വലിയ വിജയമെന്നു പറയുന്നത്, അല്ലാഹു തൃപ്തിപ്പെടുക എന്നതാണ്. രണ്ടാമത്തെ വിജയം തികവാർന്നതും പരിപൂർണ്ണമായതുമായ സമൂഹത്തിന്റെ സ്ഥാപനമാണ്. പിന്നീട് മരിച്ചതിനു ശേഷം അല്ലാഹുവിന്റെ ഇച്ഛകൊണ്ട് അനശ്വരമായ സ്വർഗ്ഗത്തിന് അവകാശികളാകും. ഇവിടെ നിങ്ങൾക്ക് എപ്പോഴും സമാധാനം സമാധാനം എന്ന സമ്മാനം കിട്ടിക്കൊണ്ടിരിക്കും. പക്ഷേ, അല്ലാഹുവിനോട് ധിക്കാരം കാണിച്ചുകൊണ്ട് പലിശ ഇടപാടുകളിൽ അകപ്പെട്ടിരിക്കുന്നവർ എന്താണ് സമ്പാദിക്കുന്നത്, അവരോട് അല്ലാഹു യുദ്ധം പ്രഖ്യാപിക്കുന്നു. ആർക്കെതിരിലാണോ അല്ലാഹു യുദ്ധം പ്രഖ്യാപിക്കുന്നത്, അവർക്ക് ഈ ലോകത്തും ഒരു സ്ഥാനവും ഉണ്ടാകുകയില്ല. പരലോകത്തിലാണെങ്കിൽ ശിക്ഷ ഏല്ക്കേണ്ടി വരികയും ചെയ്യും.

ഈ പലിശ കാരണം സമൂഹത്തിന്റെ സമാധാനം എങ്ങനെയാണ് നശിക്കുന്നത്, ദരിദ്രർ ദാരിദ്ര്യത്തിന്റെ ചക്കിൽ ആട്ടപ്പെടുന്നു. ആട്ടുന്നവർ ആ പലിശകൊണ്ട് അഹങ്കാരത്തിൽ തിമിർത്താടുന്നു. പ്രത്യക്ഷത്തിൽ അതിരില്ലാതെ സമ്പാദിക്കുന്ന വ്യക്തി തന്റെ ഖജനാവ് നിറയ്ക്കുകയാണെന്ന് തോന്നാം. പക്ഷേ, മനസ്സമാധാനവും മനശാന്തിയും അവർക്കുണ്ടാകുകയില്ല. ഒരുപാടാളുകൾ ഉണ്ട്. അവർ എഴുതുന്നു, പറയുന്നു. എന്നല്ല പാക്കിസ്ഥാനിൽ ഞാൻ കണ്ടിട്ടുമുണ്ട്. അവർക്ക് പൈസ ഉണ്ടായിട്ടും രാത്രിയിൽ സമാധാനത്തോടെ ഉറങ്ങാൻ കഴിയുന്നില്ല. ഈ പലിശ തന്നെയാണ് ദേശീയാടിസ്ഥാനത്തിലും വ്യക്തിപരമായ നിലയിലും പണത്തെ ഒരു പ്രത്യേക വിഭാഗത്തിന്റെ ചുറ്റിലും എത്തിച്ചത്. സമ്പന്നരാഷ്ട്രങ്ങളിലും പൊതുവെ- ഇവിടെ ബാഹ്യമായി നോക്കിയാൽ നല്ല അവസ്ഥയാണ്- ഈ പലിശ കാരണം ഏകദേശം എല്ലാ വ്യക്തികളും അല്ലെങ്കിൽ ഭൂരിഭാഗം ജനങ്ങളും കടക്കെണിയിൽ കുടുങ്ങികിടക്കുകയാണ്. അത് അവർ കാര്യമായി മനസ്സിലാക്കുന്നില്ല. അവർക്കതിൽനിന്ന് പുറത്തുവരാനും കഴിയില്ല.

കഴിഞ്ഞദിവസം റോഹിംടൺ യൂണിവേഴ്സിറ്റിയിൽ ഒരു പരിപാടി ഉണ്ടായിരുന്നു. ഇക്കാര്യം ഞാൻ അവിടെ പറഞ്ഞു. ഇതും ഒരുതരം അടിമത്തമാണെന്ന് പറഞ്ഞു. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ ഉൾപ്പെടെ ഒരുപാടാളുകൾ അതിനെ പിന്താങ്ങി. ഇതിനെ പിന്താങ്ങാതെ അവർക്ക് രക്ഷയില്ല. ഇത് അല്ലാഹുവിന്റെ ഗ്രന്ഥമാണ്. അത് സത്യം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇതിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാതെ ലോകത്തിന് രക്ഷ ലഭിക്കുകയില്ല. അടിമത്തത്തിന്റെ ഒരു ഇനമാണ് പലിശ എന്നു ഞാൻ പറഞ്ഞു. അടിമത്തത്തിൽ ഒരിക്കലും സ്നേഹം ഉണ്ടാകുകയില്ല. എപ്പോഴും വെറുപ്പ് തല പൊക്കും. സമാധാനം നശിക്കും.

നമ്മുടെ ദരിദ്രരാഷ്ട്രവും പലിശയ്ക്ക് പണം കടം എടുക്കുന്നു. പൊതുവെ, സിന്ധ് തുടങ്ങിയ പ്രദേശങ്ങളിൽ ഹിന്ദു വ്യവസായികളാണ് അധികവും. അവിടെ ചില മുസ്ലിംകളുമുണ്ട്. അവരും പലിശ ഇടപാട് നടത്തുന്നു. ഈ പലിശയ്ക്ക് എടുക്കുന്ന കടം, എടുക്കുന്നയാളേയും എന്നല്ല അവരുടെ മക്കളേയും തലയുയർത്താൻ അനുവദിക്കുകയില്ല. എക്കണോമിസ്റ്റായ മേഹ്ഗൻ എഴുതി, ഇന്ത്യയിലും പാക്കിസ്ഥാനിലുമുള്ളവർ പ്രത്യക്ഷത്തിൽ കൃഷിക്കാരും ഭൂസ്വത്തുള്ളവരുമാണ്. പക്ഷേ, ഇവരുടെ അവസ്ഥ എന്താണെന്നുവെച്ചാൽ, കടം വാങ്ങി ജനിക്കുന്നു. കടം വാങ്ങി ജീവിക്കുന്നു. ഈ ലോകത്തുനിന്ന് കടത്തോടുകൂടി വിടപറയുന്നു. പിന്നീട് മക്കളിലേക്ക് അതു കൈമാറുന്നു. ഈ പലിശ തന്നെയാണ് അവരെ ഈ പ്രയാസത്തിൽ കെട്ടിയിട്ടിരിക്കുന്നത്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരാണെങ്കിൽ, തലമുറകൾവരെ കടത്തിന്റെ ചങ്ങലയിൽ തളച്ചിടുന്നതിനുപകരം അതിൽനിന്ന് രക്ഷപ്പെടുന്നതാണ്. കടത്തിൽ കുടുങ്ങികിടക്കുന്നവർക്കൊരിക്കലും മറ്റുള്ളവർക്കുവേണ്ടി നല്ല വികാരം ഉണ്ടാക്കാൻ കഴിയില്ല. ദരിദ്രരാഷ്ട്രങ്ങളിൽ- ഇതിൽ ഒരുപാട് മുസ്ലിം രാഷ്ട്രങ്ങളുംപെടുന്നു- ഉദാഹരണത്തിന് പാക്കിസ്ഥാൻ തന്നെ. ഇസ്ലാമിന്റെ ഒരുപാട് പേരുകൾ അവിടെയുണ്ട്. പക്ഷേ, പലിശ വ്യവസ്ഥിതിയിൽ നിന്ന് ജീവൻ വിടുവിക്കാൻ ഇതുവരെ അതിന് കഴിഞ്ഞിട്ടില്ല. പലിശ എന്നു പേരു വയ്ക്കുമ്പോൾ- ചില സ്ഥലത്ത് ഇതിന്റെ പേര് മാറ്റിയിട്ടുണ്ട്- കർമ്മപരമായിട്ട് പലിശ കൊടുക്കുക എന്നതുതന്നെയാണ്. ഇവിടെയും സമ്പന്നർ ബാങ്കിൽനിന്ന് കടമെടുത്താൽ തിരിച്ചടയ്ക്കുകയില്ല. കുറേക്കഴിഞ്ഞ് ചെല്ലുമ്പോൾ അവർക്ക് വൻ വൻ തുകകൾ മാപ്പാക്കികിട്ടുന്നു. പക്ഷേ, ദരിദ്രവിഭാഗം ഞെരുങ്ങിക്കൊണ്ടേപോകുന്നു. എല്ലാ ക്രൂരതയും അവരോടായിരിക്കും. ഇക്കാര്യം പിന്നീട് ദരിദ്രരിൽ അസ്വസ്ഥത യുണ്ടാക്കുന്നു. ഏതെങ്കിലും വിഭാഗം അസ്വസ്ഥരാണെങ്കിൽ ആ സമൂഹത്തിൽ പിന്നീട് സമാധാനവും

ശാന്തിയും നിലനില്ക്കുകയില്ല. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, പാക്കിസ്ഥാനിൽ വിലക്കയറ്റം എത്രത്തോളമാണെന്നുവെച്ചാൽ അവിടത്തെ ദരിദ്രർ യഥാർത്ഥത്തിൽ അങ്ങേയറ്റം ബുദ്ധിമുട്ടിലാണ്. ഇക്കാരണത്താൽ സമ്പന്നർക്കും ദരിദ്രർക്കും ഇടയിലുള്ള വിടവ് വികസിക്കുന്നു. ഈ വിടവ് വികസിക്കുമ്പോൾ, സമാധാനത്തിനും ശാന്തിക്കും അവിടെ ഒരു സ്ഥാനവും ഉണ്ടാകുകയില്ല. പാക്കിസ്ഥാനിലെ അഹ്മദി തങ്ങളുടെ രാജ്യത്തിനുവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം, പാക്കിസ്ഥാനുവെളിയിൽ വിവിധ രാജ്യങ്ങളിൽ വസിക്കുന്ന നമ്മുടെ നിർബന്ധകടമയാണ് പാക്കിസ്ഥാന്റെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നത്. കാരണം ഈയിടെയായി പാക്കിസ്ഥാൻ ഭയാനകമായ ഒരു ഘട്ടത്തിലൂടെയാണ് പോയ്ക്കൊണ്ടിരിക്കുന്നത്. ഇതിനുള്ള ഒരുവലിയ കാരണം സ്വാർത്ഥത അതിർകടന്നിരിക്കുന്നു എന്നതാണ്. അല്ലാഹു നമ്മുടെ നാട്ടിനുമേൽ കരുണ ചെയ്യുമാറാകട്ടെ. സ്വന്തം കൈകൊണ്ടും അന്യരുടെ കൈകൊണ്ടും അക്രമത്തിന്റെ ചക്കിൽ ആട്ടിക്കൊണ്ടിരിക്കുന്ന എല്ലാ രാജ്യത്തിനും വേണ്ടി ദുആ ചെയ്യുക. ലോകത്തിലെ സമ്പന്നരാഷ്ട്രങ്ങൾ, ദരിദ്രരാഷ്ട്രങ്ങളെ സഹായത്തിന്റെ പേരിൽ പലിശയിടപാടുകളിൽ കുടുക്കിയിട്ടിരിക്കുകയാണ്. അതിൽനിന്ന് പുറത്തുവരിക അവർക്ക് അസാധ്യമാണ്. ഈ നിലയും ഒരു അടിമത്തത്തിന്റെ രൂപമായിക്കഴിഞ്ഞിരിക്കുന്നു. അത്തരം അടിമത്തത്തിൽ, അതിന്റെ പ്രത്യാഘാതവും ഉണ്ടാകുന്നു. പ്രത്യാഘാതമുണ്ടായാൽ ആ നാട്ടിൽ ശാന്തിയും സമാധാനവും ഉണ്ടാകുകയില്ല. എന്നല്ല, ലോകത്തുനിന്നും സമാധാനം ഉയർന്നുപോകും. ജനതകളിൽ പരസ്പരം വെറുപ്പ് മുളയ്ക്കുന്നു. ഈ ഭയാനകമായ അവസ്ഥ ഉണ്ടാകുകതന്നെ വേണമായിരുന്നു. അതുകൊണ്ടാണ് അല്ലാഹു ആദ്യമെ അതിനെക്കുറിച്ച് അറിയിച്ചത്. മുസ്‌ലിംകളായ നമ്മെ ജാഗരൂകരാക്കി. അതായത് അല്ലാഹുവിന്റെ പക്കൽ, പലിശ മുതൽ വർദ്ധിക്കുകയില്ല. ഏതൊന്നിനെ നിങ്ങൾ വർദ്ധിച്ചതായി മനസ്സിലാക്കുന്നുവോ അത് അല്ലാഹുവിന്റെ ശാപം കാരണത്താൽ അനുഗ്രഹശൂന്യമായിത്തീരുന്നു.

അതുകൊണ്ട് പ്രത്യേകിച്ച്, മുസ്‌ലിംകളും മുസ്‌ലിം ഭരണകൂടങ്ങളും ആ കുഴപ്പങ്ങളിൽനിന്നെല്ലാം വെളിയിൽ വരാനാഗ്രഹിക്കുന്നെങ്കിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചു മാത്രമേ അത് സാധ്യമാകുകയുള്ളൂ. നീതിയുടെ തേട്ടത്തിനനുസരിച്ച് നടന്നുകൊണ്ടേ പുറത്തുവരാൻ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ടേ പുറത്തുവരാൻ സാധിക്കുകയുള്ളൂ. സമൂഹത്തിൽ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്ന തിന്മകൾ, അകറ്റാൻവേണ്ടി അല്ലാഹു അയച്ച ആളെ വിശ്വസിക്കേണ്ടതായി വരും. അദ്ദേഹത്തെ വിശ്വസിക്കാതെ അദ്ദേഹത്തെ വിശ്വസിക്കുന്നവരോട് അക്രമപരമായി പെരുമാറുകയാണെങ്കിൽ ഒരിക്കലും ഈ കലഹങ്ങളിൽനിന്നും പുറത്തുവരികയില്ല.

അഗതികളെ ശ്രദ്ധിക്കുന്നതിനെക്കുറിച്ചും സക്കാത്ത് കൊടുക്കുന്നതിനെക്കുറിച്ചും പലിശ നിരോധിച്ചതിനെക്കുറിച്ചും പറഞ്ഞ വചനങ്ങളിൽ ഒന്ന്

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ
أَيْدِي النَّاسِ لِيُذِيقَهُمْ بَعْضَ الَّذِي
عَمِلُوا لَعَلَّهُمْ يَرْجِعُونَ ۝٤٢

എന്നതുമാണ്. മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു; അവർ മടങ്ങുന്നതിനുവേണ്ടി (30:42).

ഇക്കാലത്തെ സമൂഹം അകപ്പെട്ടിരിക്കുന്ന തിന്മയുടെ ഫലമായിട്ടാണ് ലോകം മുഴുവൻ ഈ കലഹം പരന്നിരിക്കുന്നത്. അല്ലാഹു പറഞ്ഞ കല്പനകൾ പാലിക്കാത്ത കാരണത്താലാണിത്. നാം കണ്ടുകൊണ്ടിരിക്കുന്ന ഈ കാഴ്ചകളെല്ലാം, അതായത് ഓരോ മുസ്‌ലിം രാഷ്ട്രവും, മുസ്‌ലിമായ ഓരോ വ്യക്തിയും സ്വതന്ത്രരായിട്ടും തടവുകാരാണ്. അന്യരുടെ ദൃഷ്ടിയിൽ സംശയിക്കപ്പെടുന്നവരാണ്.

ലോകത്തിലെ ഓരോ രാഷ്ട്രവും അത് മുസ്‌ലിമിന്റേതാകട്ടെ അമുസ്‌ലിമിന്റേതാകട്ടെ ആത്മീയമായ അടിസ്ഥാനത്തിൽ ശൂന്യരാണ്. അത് കൂടുതൽ വർദ്ധിച്ചുകൊണ്ടുപോകുകയാണ്. ധാർമ്മികമായ തിന്മകളും അധഃപതനവും അതിർലംഘിച്ചിരിക്കുന്നു. ഇവർ തങ്ങളെ മാറ്റുന്നില്ലെങ്കിൽ അല്ലാഹു ശിക്ഷ രുചിപ്പിക്കുകതന്നെ ചെയ്യും. എന്നാൽ ഒരു മുസൽമാന്റെ നിർബന്ധകടമയാണ്, അവരുടെ ധർമ്മശാസ്ത്രത്തിൽ അല്ലാഹു മുന്നറിയിപ്പ് നല്കിയിരിക്കുന്നതും, ഇപ്പോൾ ഇടയ്ക്കിടെ കിട്ടിക്കൊണ്ടിരിക്കുന്നതുമായ ആഘാതത്തിൽനിന്ന് പാഠം പഠിക്കുക എന്നത് അത്തരം

സന്ദർഭങ്ങളിൽ, അവസ്ഥകൾ മാറ്റാൻ വേണ്ടി അല്ലാഹു അയക്കുന്ന അവന്റെ സന്ദേശം കേൾക്കുക. സ്വയം ചിന്തിക്കുക. വന്നയാളെ കണ്ടെത്തുക; സ്വയം രക്ഷപ്പെടുന്നതിനുവേണ്ടി. ഈ സന്ദേശം കൊണ്ട് മുന്നോട്ടുകുതിക്കുകയും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യുക.

ഓരോ മുസ്‌ലിമും ചിന്തിക്കേണ്ടതാണ്. ബുദ്ധി ഉപയോഗിക്കേണ്ടതാണ്. ഇല്ലെങ്കിൽ അല്ലാഹുവിന്റെ മുന്നറിയിപ്പ് വളരെ കഠിനമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ നേരത്ത് ജനങ്ങൾ ആത്മീയജലം ആഗ്രഹിക്കുന്നു. ഭൂമി തികച്ചും മരിച്ചുകഴിഞ്ഞിരിക്കുന്നു. ഇക്കാലം ***ളഹറൽ ഫസാദു ഫിൽബർറി വൽബഹറി***ന്റേതാണ്. കടലും കരയും നാശമടഞ്ഞിരിക്കുന്നു. മനുഷ്യരുടെ ഓരോ വിഭാഗത്തിലും കുഴപ്പങ്ങളാണ്. ഏതു വശം, എതുരീതിയിൽ നോക്കിയാലും ലോകത്തിന്റെ അവസ്ഥ മാറിയിരിക്കുന്നു. ആത്മീയത അവശേഷിച്ചിട്ടില്ല. ധാർമ്മികവും കർമ്മപരവുമായ ബലഹീനതകളിൽ വലിയവരും ചെറിയവരുമെല്ലാം അകപ്പെട്ടിരിക്കുന്നു. ദൈവപൂജയുടേയും ദൈവാരാധനയുടേയും അടയാളംപോലും കാണുന്നില്ല. അതുകൊണ്ട് ആകാശത്തുനിന്നുള്ള ജലമായ നുബുവ്വത്തിന്റെ പ്രകാശം വെളിപ്പെടേണ്ടത് ഇപ്പോൾ ആവശ്യമാണ്; സൗഭാഗ്യവാന്മാരുടെ മനസ്സുകൾക്ക് വെളിച്ചമേകാൻ. അല്ലാഹുവിന് നന്ദി കാണിക്കുക. അവൻ തന്റെ അനുഗ്രഹത്താൽ ഇപ്പോൾ ആ പ്രകാശം ഇറക്കിയിരിക്കുന്നു. എന്നാൽ, ഈ പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നവർ വളരെ കുറച്ചേയുള്ളൂ.

അഹ്മദികൾ ഭാഗ്യശാലികളാണ്. അല്ലാഹു നമുക്ക് ആ പ്രകാശത്തെ പ്രയോജനപ്പെടുത്താൻ തൗഫീഖ് നല്കി. ആ പ്രകാശത്തെ സ്വന്തം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പരത്താൻ ശ്രദ്ധിക്കുക; അപകടനിലയിലേക്ക് നീങ്ങുന്ന ലോകത്തിനും സുരക്ഷ നല്കുന്നതിനുവേണ്ടി. ഇതുകാരണം ലോകത്തിന്റെ വലിയൊരു ഭാഗം നാശത്തിന്റെ പിടിത്തത്തിൽപെട്ടുപോയേക്കാം. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 8.6.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala